# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2693 — 20/03/2015 ൽ മറുപടിക്ക്

## എസ്.എസ്.എ.യുടെ ഇന്റേൺ സപ്പോർട്ടിംഗ് മിഷൻ പഠനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ പൊതു വിദ്യാലയങ്ങളിലെ അസൗകര്യങ്ങളെക്കുറിച്ച് എസ്.എസ്.എ.യുടെ ഇന്റേൺ സപ്പോർട്ടിംഗ് മിഷൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (എ) പഠനം നടത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം കണ്ടെത്തലുകളാണ് പഠന റിപ്പോർട്ടിൽ ഉള്ളത് എന്ന് വെളിപ്പെടുത്തുമോ ; | (ബി) 1.ബി.ആർ.സികളിൽ ആസൂത്രണവും തത്സമയ സഹായത്തിനുള്ള ശ്രമങ്ങളും ഫലപ്രദമായി നടക്കുന്നു. ട്രെയിനർമാരുടെ എണ്ണക്കുറവ് ചിലയിടങ്ങളിൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി കണ്ടെത്തി.<br>2.ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ നിർദ്ദേശിക്കപ്പെട്ട രീതിയിൽ ക്രമീകരണങ്ങളും പ്രവർത്തനവും നടക്കുന്നില്ല.<br>3.വിദ്യാലയങ്ങളിൽ പൊതുവെ അധ്യാപകരുടെ താല്പര്യവും ശ്രദ്ധയും പ്രകടമാണ്. പഠനമികവ് കുട്ടികളിൽ ദൃശ്യമാണ്. അധ്യാപകരുടെ നിരന്തര വിലയിരുത്തൽ കൂടുതൽ കൃത്യതപ്പെടേണ്ടതുണ്ട്.<br>4.ഫോക്കസ് 15 വിദ്യാലയങ്ങൾ കുട്ടികളിൽ പഠനമികവ് ഉറപ്പാക്കുന്നതിലും വരും വർഷം കൂടുതൽ കുട്ടികൾ വന്നുചേരുന്നതിലും ശ്രദ്ധിക്കുന്നുണ്ട്.<br>5.തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ വിദ്യാലയ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്നുണ്ട്. |
| (സി) പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) ഇല്ല. പഠന റിപ്പോർട്ട് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലയിലെ എസ്.എസ്.എ അധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ജില്ലയിലെ പൊതു വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) എസ്.എസ്.എ യുടെ 2015-15 വാർഷിക പദ്ധതിയിൽ വിദ്യാലയങ്ങളുടെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഗ്രാന്റുകൾഅനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ